അടിയന്തിരം

**WCD/E8-5168/2021**

വനിത ശിശു വികസന ഡയറക്ടറേറ്റ്

പൂജപ്പുര ,തിരുവനന്തപുരം

തീയതി:22/09/2022

email:directorate.wcd@kerala.gov.in

Phone no:0471-2346534

## പരിപത്രം

**വിഷയം: വനിത ശിശു വികസന വകുപ്പ് -ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി ക്ലാർക്ക് ,ടൈപ്പിസ്റ്റ് തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം- 31/12/2012 പ്രാബല്യത്തിൽ തയ്യാറാക്കിയ സംസ്ഥാനതല സംയുക്ത അന്തിമ സീനിയോരിറ്റി ലിസ്റ്റ് - സീനിയോരിറ്റി നിർണ്ണയത്തിലെ അപാകത- സീനിയോരിറ്റി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്**

**സൂചന : വനിത ശിശു വികസന ഡയറക്ടറുടെ 05/10/2021 ലെ ഉത്തരവ് നം: WCD/E8-5168/2021**

വനിത ശിശു വികസന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ചട്ടത്തിൽ ഉൾപ്പെട്ട 26,500-60,700(പഴയത് 19,000-43,600) ശമ്പള സ്കെയിലിനു താഴെയുള്ള ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, വാച്ച് വുമൺ, ആയ, ഡ്രൈവർ, ക്ലറിക്കൽ അറ്റൻഡർ, കുക്ക് എന്നീ തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാർക്ക് വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിനായി പരിഗണിക്കുന്നതിനായി സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റ് സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ 1 മുതൽ 197 ക്രമനമ്പരായി ജീവനക്കാരുടെ സീനിയോരിറ്റി നിർണ്ണയിച്ചിരുന്നു. ഇതിൽ ഉൾപ്പെട്ട ജീവനക്കാരിൽ അന്തർ ജില്ല /അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിച്ച ഏതാനും ജീവനക്കാരുടെ സീനിയോരിറ്റി നിർണ്ണയിച്ചതിൽ അപാകത കണ്ടെത്തിയിട്ടുണ്ട്. ഈ അപാകത നിലനിൽക്കുന്നതിനാൽ ബൈട്രാൻസ്ഫർ നിയമനം നൽകുമ്പോൾ അർഹരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകാൻ കഴിയാത്ത അവസ്ഥ സംജാതമാകും.

അതിനാൽ പ്രസ്തുത ജീവനക്കാരുടെ സർവീസ് വിവരങ്ങൾ പരിശോധിക്കേണ്ടതും സീനിയോരിറ്റി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരുടെയും സർവീസ് വിവരങ്ങൾ കാര്യാലയ മേധാവികൾ പരിശോധിക്കേണ്ടതും ആയതിൽ അന്തർ ജില്ല /അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി നിശ്ചിത പ്രൊഫോർമയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച മാത്രമേ സേവന വിവരങ്ങൾ പൂരിപ്പിക്കാൻ പാടുള്ളൂ.ഒരു ജീവനക്കാരന് /ജീവനക്കാരിക്ക് ഒരു പ്രൊഫോർമ എന്ന ക്രമത്തിൽ വെവ്വേറെ പ്രൊഫോർമ തയ്യാറാക്കേണ്ടതാണ്. ഇതിനായി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ പരിശോധനാ വിധേയമാക്കാൻ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

പൂരിപ്പിച്ച പ്രൊഫോർമ കാര്യാലയ മേധാവികൾ മുഖാന്തരം 30/09/2022 ന് മുൻപ് wcdestablishment2017@gmail.com എന്ന ഇമെയിൽ വിലാസത്തിലും, അസ്സൽ പ്രൊഫോർമ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

**എല്ലാ കാര്യാലയ മേധാവികൾക്കും**

പകർപ്പ് :

1.E6 സീറ്റ്

2.സ്റ്റോക്ക് ഫയൽ /സ്പെയർ

22/9/22

## പ്രൊഫോർമ(WCD/E8-5168/2020)

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര് (മലയാളത്തിൽ) | |
| | ജീവനക്കാരന്റെ പേര്(ഇംഗ്ലീഷിൽ ) | |
| 2 | തസ്തികയുടെ പേര് | |
| 3 | നിലവിലത്തെ ശമ്പള സ്കെയിൽ | |
| 4 | ജനനതീയതി (അക്കത്തിലും ,അക്ഷരത്തിലും) | |
| 5 | SC/ST | |
| 6 | വിദ്യാഭ്യാസയോഗ്യത | |
| 7 | PSC നിയമന ശുപാർശ കത്ത് നമ്പരും ,തീയതിയും, നിയമനം ലഭിച്ച ജില്ല | |
| 8 | സ്ഥാനക്കയറ്റമാണെങ്കിൽ ഏത് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചു, ഉത്തരവ് നമ്പരും തീയതിയും | |
| 9 | ജോലിയിൽ പ്രവേശിച്ച തീയതി | |
| 10 | വകുപ്പിലെ നിയമന ഉത്തരവ് നമ്പരും തീയതിയും | |
| 11 | നിയമനം റഗുലറൈസ് ചെയ്ത പ്രാബല്യ തീയതി ,ഉത്തരവ് നമ്പർ | |
| 12 | പ്രൊബേഷൻ പൂർത്തീകരിച്ച പ്രാബല്യ തീയതി ,ഉത്തരവ് നമ്പറും തീയതിയും | |
| 13 | നിലവിലെ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച വർഷം | |
| 14 | ഇന്റർ ഡിപ്പാർട്ട്മെന്റൽ സ്ഥലംമാറ്റത്തിലൂടെയാണോ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചത് ?എങ്കിൽ ഈ വകുപ്പിൽ ജോയിൻ ചെയ്ത തീയതി | |
| 15 | അന്തർ ജില്ലാ സ്ഥലം മാറ്റത്തിലൂടെ ജില്ല മാറിയിട്ടുണ്ടെങ്കിൽ മാറ്റം ലഭിച്ച ജില്ല,ജോലിയിൽ പ്രവേശിച്ച തീയതി | |
| 16 | ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സായ പൂർണ്ണ വിവരം | |
| 17 | മറ്റ് വിവരങ്ങൾ | |

### സാക്ഷ്യപത്രം

ശ്രീ /ശ്രീമതി /കുമാരി ..............................................................................................നെ /യെ സംബന്ധിച്ച് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ടിയാന്റെ സേവനപുസ്തകം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു

ഓഫീസ് സീൽ

കാര്യാലയ മേധാവിയുടെ ഒപ്പ് ,പേര്, തീയതി ,ഉദ്യോഗപ്പേര്